**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 10.05.2024

# കൈക്കൂലി വാങ്ങവേ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് വിജിലൻസ് പിടിയിൽ

തൃശ്ശൂർ ജില്ലയിലെ വിൽവട്ടം വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ കൃഷ്ണകുമാർ 2000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (10/05/2024) വിജിലൻസിന്റെ പിടിയിലായി.

തൃശ്ശൂർ ജില്ലയിലെ വിൽവട്ടം വില്ലേജ് പരിധിയിൽ പെടുന്ന പരാതിക്കാരന്റെ വസ്തു പരിശോധിച്ച് അവകാശ (ആർ.ഒ.ആർ ) സർട്ടിഫിക്കറ്റിനായി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ച പരാതിക്കാരനോട് പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിന് 2000/- രൂപ കൈക്കൂലി വേണമെന്ന് വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ കൃഷ്ണകുമാർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് പരിശോധനയ്ക്കായി പോയ കൃഷ്ണകുമാറിനോട് 1000/- രൂപ നൽകാമെന്ന് പറഞ്ഞപ്പോൾ അത് പോരായെന്നും 2000/-രൂപ തികച്ചും വേണമെന്നും പരാതിക്കാരനോട് ആവശ്യപ്പെട്ടു. കഴിഞ്ഞ ദിവസം സർട്ടിഫിക്കറ്റിനായി ഫോണിൽ ബന്ധപ്പെട്ട പരാതിക്കാരനോട് ഇന്ന് (10.05.2024) 2000/- രൂപയുമായി വില്ലേജ് ഓഫീസിൽ എത്തുവാൻ കൃഷ്ണകുമാർ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് പരാതിക്കാരൻ വിവരം വിജിലൻ തൃശ്ശൂർ യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സേതു.കെ.സി-യെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി, ഇന്ന് (10/05/2024) ഉച്ചക്ക് 12:45 മണിയോടെ വിൽവട്ടം വില്ലേജ് ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും 2000/- രൂപ കൈക്കൂലി വാങ്ങി ഒളിപ്പിക്കാൻ ശ്രമിക്കവെ വിജിലൻസ് സംഘം വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ കൃഷ്ണകുമാറിനെ ഓഫീസിൽ വച്ച് കൈയോടെ പിടികൂടുകയാണുണ്ടായത്.

അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി യെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ.ഇഗ്നേഷ്യസ്, ശ്രീ.ജയേഷ്ബാലൻ, ശ്രീ.സ്റ്റെപ്റ്റോ ജോൺ, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. രാജൻ, ശ്രീ.ജയകുമാർ , ശ്രീ.ബൈജു, ശ്രീ.സുദർശനനൻ, ശ്രീ.കമൽദാസ്, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ. രഞ്ജിത്, ശ്രീ.ജോഷി, ശ്രീ.നിപാഷ്,ശ്രീ.വിബീഷ്, ശ്രീ. സൈജുസോമൻ , ശ്രീ.അരുൺ, ശ്രീ.ഗണേഷ്,ശ്രീ. സുധീഷ് തുടങ്ങിയവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.